## കോവിഡ് കാല പ്രവർത്തനങ്ങളിൽ കണിയാമ്പറ്റ സിഡിഎസ് നടത്തിയ ഇടപെടലുകൾ

പനമരം ബ്ലോക്കിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി സ് നടത്തിയ കോവിഡ് കാല പ്രവർത്തനങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

**പഞ്ചായത്ത് തലത്തിൽ പ്രത്യേക Whatsapp ഗ്രൂപ്പ് .**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ സിഡിഎസ് എഡിഎസ് ഭാരവാഹികളും ജില്ലാമിഷൻ പ്രതിനിധികളും പഞ്ചായത്ത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അംഗങ്ങളായ ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ഈ ഗ്രൂപ്പ് വഴി ലോക്ഡൌണുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട് നേരിടുന്ന പഞ്ചായത്തിലുള്ള രോഗികളും നിർധനരും ആയിട്ടുള്ള ആളുകളെ കണ്ടെത്താനും പഞ്ചായത്തിന്റെയും ജില്ലാമിഷൻ റെയും നിർദ്ദേശങ്ങൾ വഴി താഴെതട്ടിലുള്ള ആളുകളെ അറിയിക്കാനും സാധിച്ചു .

**കമ്മ്യൂണിറ്റി കിച്ചൻ**

പഞ്ചായത്ത് തലത്തിൽ മാർച്ച് 27ന് കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു തുടക്കത്തിൽ 200 പേർക്ക് കിച്ചൻ വഴി ഭക്ഷണം നൽകി ഇതിൽ നൂറോളം പേർ മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തിയ തൊഴിലാളികളും മറ്റുള്ളവർ നിർധനരും അഗതികളുമായിട്ടുള്ള ആളുകളുമാണ്. സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ഇവർക്ക് തികച്ചും സൗജന്യമായാണ് ഭക്ഷണം നൽകിയത്. ഗവൺമെൻറ് അനുവദിച്ച സൗജന്യ റേഷനും കിറ്റും ലഭിക്കാൻ തുടങ്ങിയതോടെ ഗുണഭോക്താക്കളുടെ എണ്ണം ക്രമേണ കുറയുകയും മെയ് 3 ഓടുകൂടി  കമ്മ്യൂണിറ്റി കിച്ചൻ നിർത്തിവയ്ക്കുകയും മെയ് 20ന് പുനരാരംഭിക്കുകയും ചെയ്തു .

നിലവിൽ നിരീക്ഷണത്തിൽ കഴിയുന്ന 16 ആളുകൾക്ക് ഇപ്പോൾ ഭക്ഷണം നൽകി വരുന്നു.





**ആശ്രയ സർവ്വേ**

ആശ്രയ സർവേ നടത്തുന്നതിനായി സിഡിഎസ് തലത്തിൽ ഗ്രൂപ്പ് രൂപീകരിക്കുകയും 214 ഓളം വയോധികരായ ആശ്രയ ഗുണഭോക്താക്കളെ നേരിട്ട് വിളിക്കുകയും  അവരുടെ ക്ഷേമം അന്വേഷിക്കുകയും ചെയ്തു .ഇതിലൂടെ മരുന്നും ഭക്ഷണവും കിട്ടാതെ ബുദ്ധിമുട്ടുന്നവരെ കണ്ടെത്താൻ കഴിഞ്ഞു .ഇതിൽ ഭക്ഷണം ആവശ്യമുള്ളവർക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റികിച്ചൻ  വഴി ഭക്ഷണം എത്തിക്കുവാനും മരുന്ന് ചികിത്സ തുടങ്ങിയവ  ആവശ്യമുള്ളവർക്ക് അത് പ്രൈമറി ഹെൽത്ത് സെന്ററർ വഴി എത്തിച്ചു കൊടുക്കാനും കഴിഞ്ഞു . ഓരോ എഡിസും തങ്ങളുടെ വാർഡിലെ രോഗികൾക് ആശ പ്രവർത്തകരുടെ സഹായത്തോടെ മരുന്നുകൾ എത്തിച്ചു കൊടുത്തു.

**ഫുഡ് കിറ്റ് വിതരണം.**

ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്തു.കിറ്റ് സ്വീകരിക്കാൻ നേരിട്ടെത്താൻ കഴിയാത്ത ആളുകൾക്കു പഞ്ചായത്ത് വഴി കിറ്റ് നേരിട്ട് എത്തിച്ചു കൊടുത്തു.



**JLG  പച്ചക്കറി വിപണനം**

ജെ എൽ ജി കൾ കൃഷിചെയ്ത പച്ചക്കറികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശേഖരിക്കുകയും അവ വാർഡ് തലത്തിൽ വിപണനം നടത്തുകയും ചെയ്തു.

**മാസ്ക് നിർമാണം**

സിഡിഎസിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ചേലാ അപ്പാരൽ പാർക്ക് ഒരുലക്ഷത്തോളം മാസ്ക്കുകൾ നിർമിക്കുകയും വിപണനം നടത്തുകയും ചെയ്തു.

**ഹെൽത്ത് ഡിപ്പാർട്മെന്റ് പ്രവർത്തനങ്ങളിൽ പങ്കാളിത്തം**

ഹെൽത്ത് ഡിപ്പാർട്മെൻറ് നടത്തിയ സർവേയിൽ ഓരോ വാർഡിൽ നിന്നുള്ള എഡിസ്ഉം പങ്കാളികളാവുകയും നിരീക്ഷണത്തിൽ കഴിയുന്ന

ആളുകളെ നേരിട് കണ്ട് അവരുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു .



## കുട്ടികൾക്കായി ഓൺലൈൻ ബാലസഭാ

കോവിഡ് കാലം കുട്ടികളിൽ ഉണ്ടാക്കിയ വിരസത അകറ്റാനും അവരെ മറ്റുകുട്ടികളുമായി ചേർന്ന് വിവിധ തരം കളികളിലും മത്സരങ്ങളിലും ഉൾപ്പെടുത്താനും പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച whatsapp കൂട്ടായ്മക്ക്കഴിഞ്ഞിട്ടുണ്ട് .

◌്.